# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 01 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്–1

ഫോൺ : 04735–202664

www.sabarimal.kerala..gov.in, prdsabarimala2020@gmail.com

---

## ദിവസം മുഴുവൻ സ്വാദിഷ്ട ഭക്ഷണം വിളമ്പി സന്നിധാനത്തെ അന്നദാന മണ്ഡപം

അയ്യനെകാണാൻ എത്തുന്നവർക്ക് ദിവസം മുഴുവൻ ഭക്ഷണം വിളമ്പി ഭക്തരുടെ മനസുനിറിയ്ക്കുകയാണ് ആധുനിക രീതിയിൽ സജ്ജമാക്കിയിരിക്കുന്ന അന്നദാന മണ്ഡപം.ശുചീകരണത്തിന് ഏതാനും മണിക്കൂർ നേരത്തേക്ക് എടുക്കുന്ന ഇടവേള മാറ്റിനിർത്തിയാൽ 24 മണിക്കൂറും ഇവിടെ ഭക്ഷണം ലഭിക്കും. ഓരേസമയം ര ായിരം പേർക്ക് ഇരുന്നു ഭക്ഷണം കഴിക്കാനുള്ള സജ്ജീകരണമാണ് ഏർപ്പെടുത്തിയിരിക്കുന്നത്.

പ്രഭാത ഭക്ഷണം ഏഴ് മുതൽ 11 വരെ: രാവിലെ ഏഴുമണിമുതൽ പ്രാഭാത ഭക്ഷണം ലഭിക്കും. വിളമ്പുന്നത് ഉപ്പുമാവും കടലക്കറിയും കുടിക്കാൻ ചുക്കുകാപ്പിയുമാണ്. വിശപ്പുമായെത്തുന്ന എല്ലാവർക്കും 11 മണിവരെ വിളമ്പും. അതിനുശേഷം ഹാളും പരസരവും വൃത്തിയാക്കിയശേഷം ഉച്ചഭക്ഷണമാണ്.

ഉച്ചഭക്ഷണം 12 മുതൽ മൂന്നുവരെ: വിഭവ സമൃദ്ധമായ ഊണാണ് ഉച്ചയ്ക്ക് 12 മണിമുതൽ വിളമ്പുക. ചോറിനൊപ്പം സാമ്പാറും അവയിലും തോരനും

അച്ചാറും ആദ്യവട്ടം വിളമ്പും. ര ാംവട്ടം ചോറും രസവുമാണ് വിളമ്പുക. മൂന്നുമണിവരെ ഉച്ചഭക്ഷണം ലഭിക്കും.

രാത്രിഭക്ഷണം വൈകിട്ട് ഏഴുമുതൽ 11 വരെ: സന്ധ്യയ്ക്ക് ഏഴ് മണിമുതൽ രാത്രി ഭക്ഷണം വിളമ്പിത്തുടങ്ങും. കഞ്ഞിയും പയർകറിയും അച്ചാറുമാണ് കഴിക്കാൻ നൽകുന്നത്. രാത്രി 11 മണിവരെ ഇത് നൽകും.

രാത്രി 12 മുതൽ പുലർച്ചെ അഞ്ച് വരെ ലഘുഭക്ഷണം:
രാത്രി 12 മണിമുതൽ ലഘുഭക്ഷണവും അന്നദാന മണ്ഡപത്തിൽ ലഭിക്കും. ഉപ്പുമാവും ഉള്ളിക്കറിയും ചുക്കുകാപ്പിയുമാണ് കഴിക്കാൻ നൽകുക. പുലർച്ചെ അഞ്ച് മണിവരെ ഇത് ലഭിക്കും.

(പി.ആർ. ശബരി–103)

## ആധുനിക പാചകശാല, പാത്രം കഴുകാൻ യന്ത്രപ്പുര

വൃത്തി, ശുദ്ധി, രുചി എന്നിവ ഉറപ്പാക്കിയാണ് അന്നദാനത്തിന് ഭക്ഷണം തയ്യാറാക്കുന്നത്. വിളമ്പാനും വൃത്തിയാക്കാനുമായി 240പേരടങ്ങുന്ന സംഘമാണ് ഉള്ളത്. നാലുടേൺ ആയിട്ടാണ് ഇവർ വിളമ്പുന്നത്. 50 പേർ പാചകത്തിനുമു ്. ആവിയിലാണ് അരിവേവിക്കുന്നത്. 25 കിലോ അരി 25 മിനിറ്റുകൊ ് വെന്ത് ചോറാകും. 25 കിലോ അരിയുടെ ക്ഞ്ഞിവേകാൻ 50 മിനിറ്റോളം സയമെടുക്കും. നേരത്തെ വറുത്ത് വെച്ചിട്ടുള്ള റവ കൊ ് ഉപ്പുമാവ് ഗ്യാസിലാണ് പാചകംചെയ്യുന്നത്. 25 കിലോ റവയുടെ ഉപ്പുമാവ് തയ്യാറാകാൻ 20 മിനിറ്റ് മതി. അന്നദാന മണ്ഡപത്തിന്റെ താഴത്തെ നിലയിലുള്ള അടുക്കളയിൽ നിന്ന് ലിഫ്റ്റ് വഴിയാണ് മുകളിലുള്ള ഊട്ടുപുരയിൽ ഭക്ഷണം എത്തിക്കുന്നത്. സാമാന്യം തിരക്കുള്ള ദിവസങ്ങളിൽ 900 കിലോ അരിയുടെ ചോറും കഞ്ഞിയും വിളമ്പുന്നു ്. 400 കിലോ റവയുടെ ഉപ്പുമാവും ഈ ദിവസങ്ങളിൽ വേ ിവരും. വിജിലൻസ് പോലീസിന്റെ നേതൃത്വത്തിലാണ് സ്റ്റോർ റൂമിൽ നിന്ന് അതതുദിവസത്തേക്കുള്ള അരിയും സാമഗ്രികളും അടുക്കളയിൽ എത്തിക്കുന്നത്. ഊണുകഴിക്കാനെത്തുന്നവർക്ക സൗജന്യ കൂപ്പണുകൾ നൽകുന്നതും ഇവരുടെ നേതൃത്വത്തിലാണ്.
ഭക്തർ ഭക്ഷണം കഴിച്ചശേഷം പാത്രം കഴുകാനും ബാക്കിവരുന്ന ഭക്ഷണം ബയോഗ്യാസ് പ്ലാന്റിലേക്ക് നേരിട്ട് എത്തിക്കാനും ആധുനിക സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ബാക്കിവന്ന ഭക്ഷണം നീക്കം ചെയ്തശേഷം ് ശുചീകരണ തൊഴിലാളികൾ പാത്രം ര ് വട്ടം കഴുകിവൃത്തിയാക്കുന്നു. തുടർന്ന് ചൂടുവെള്ളം ഉപയോഗിച്ച് യന്ത്രസഹായത്തോടെ ഒരുവട്ടം കൂടി കഴുകി വൃത്തിയാക്കിയശേഷമാണ് പാത്രം വീ ും ഭക്തരുടെ അടുക്കലേക്ക് എത്തുന്നത്. സെപ്ഷ്യൽ ഓഫീസർ നാരായണൻ നമ്പൂതിരി, വിഷ്ണുമ്പൂതിരി എന്നിവരുടെ നേതൃത്വത്തിൽ ദേവസ്വം ബോർഡ് നേരിട്ടാണ് അന്നദാന മണ്ഡപത്തിൽ ഭക്ഷണം തയ്യാറാക്കി വിളമ്പുന്നത്. സുജാതനാണ് മണ്ഡപത്തിന്റെ നടത്തിപ്പ് ചുമതല.

(പി.ആർ. ശബരി–104)

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ | |
|---|---|
| DECEMBER 01 | 2019 |



## ശബരിമല പത്രക്കുറിപ്പ്–2

ഫോൺ : 04735–202664

ww.sabarimal.kerala..gov.in, prdsabarimala2020@gmail.com

---

### മുതിർന്ന പൗരന്മാർക്കുള്ള സൗകര്യം: യോഗം ഇന്ന്(2.12.19)

ശബരിമല തീർത്ഥാടനത്തിന് എത്തിച്ചേരുന്ന മുതിർന്ന പൗരൻമാരുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം ഉറപ്പാക്കുന്നത് സംബന്ധിച്ച കർമ്മ പദ്ധതി രൂപീകരണത്തിനുള്ള യോഗം ഇന്ന് ( 02/ 12/19 ) രാവിലെ 10.30 ന് എ.ഡി.എം (ശബരിമല)യുടെ അദ്ധ്യക്ഷതയിൽ നിലക്കൽ ഗസ്റ്റ് ഹൗസിൽ ചേരും. യോഗത്തിൽ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും പങ്കെടുക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

(പി.ആർ. ശബരി–105)

### സന്നിധാനത്ത് ഓൺലൈനായും മുറി ബുക്ക് ചെയ്യാം

തീർഥാടകർക്ക് സന്നിധാനത്ത് മുറികൾ ഓൺലൈനായി പണമടച്ച് ബുക്കു ചെയ്യാം. **www.onlinetdb.com** എന്ന വെബ്സൈറ്റ് വഴി 15 ദിവസം മുൻകൂറായി ബുക്ക് ചെയ്യണം. 104 മുറികളാണ് ഓൺലൈൻ ബുക്കിംഗിന് നീക്കി വച്ചിട്ടുള്ളത്. 350 മുതൽ 2,200 രൂപവരെ വാടക. അതാത് ദിവസത്തേക്ക് മുറിയെടുക്കുന്നതിന് 24 മണിക്കൂറും സൗകര്യമു ായിരിക്കും.

സന്നിധാനത്തെ അക്കോമഡേഷൻ സെന്ററിലാണ് നേരിട്ട് പണമടച്ച് റൂമെടുക്കാവുന്നത്. 250 രൂപ മുതൽ 1,500 രൂപക്കു വരെ മുറി ലഭിക്കും. ഒരു മുറിയിൽ നാല് പേർക്ക് കഴിയാം. കൂടുതൽപേർക്ക് കഴിയണമെങ്കിൽ ആനുപാതികമായി പണമടക്കണം. 12 മണിക്കൂർ, 16 മണിക്കൂർ സമയത്തേക്കാണ് മുറികൾ ലഭിക്കുക. അക്കോമഡേഷൻ ഓഫീസിൽ നിന്ന് ലഭിക്കുന്ന രസീതുമായി ബന്ധപ്പെട്ട കെട്ടിടത്തിലെത്തി കെയർടേക്കറിൽ നിന്ന് താക്കോൽ വാങ്ങി മുറി ഉപയോഗിക്കാം. ചിന്മുദ്ര, സഹ്യാദ്രി, പ്രണവം, ശ്രീമാത, ശ്രീമണികണ്ഠ തുടങ്ങി 11 കെട്ടിടങ്ങളിലായി നേരിട്ടും ഓൺലൈനിലുമായി ആകെ 466 മുറികളാണ് ബുക്കു ചെയ്യാവുന്നത്. ശുചിമുറി, കട്ടിൽ അടക്കമുള്ള സൗകര്യങ്ങൾ ലഭ്യമാണ്. ബുക്കിംഗ് സംബന്ധിച്ച പരാതികൾ **support@onlinetdb.com** എന്ന മെയിലിൽ അറിയിക്കാം.

(പി.ആർ. ശബരി–106)

## ശബരിമല നാളത്തെ (02.12.19 )ചടങ്ങുകൾ

പുലർച്ചെ 2.45 ന് പള്ളിയുണർത്തൽ
3 മണിക്ക് തിരുനട തുറക്കൽ
3.05 ന് നിർമ്മാല്യ ദർശനം
3.10 ന് അഭിഷേകം
3.20 ന് നെയ്യഭിഷേകം
3.30 ന് ഗണപതിഹോമം
3.20 മുതൽ ഉച്ചക്ക് 11.30 വരെ നെയ്യഭിഷേകം
7.30 ന് ഉഷപൂജ
12.30 ന് ഉച്ചപൂജ
തുടർന്ന് 1 മണിക്ക് നട അടയ്ക്കും
വൈകുന്നേരം 4 മണിയ്ക്ക് നട തുറക്കും
6.30ന് ദീപാരാധന
7 മണിക്ക് പുഷ്പാഭിഷേകം
9.30 ന് അത്താഴപൂജ
രാത്രി 10.50 ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.